**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2233** **12-02-2024 - ൽ മറുപടിയ്ക്ക്**

**ഇ-ഹെൽത്ത് സംവിധാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ,<br>ശ്രീ. ജോബ് മൈക്കിൾ,<br>ശ്രീ. പ്രമോദ് നാരായൺ,<br>ഡോ. എൻ. ജയരാജ് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സർക്കാർ ആശുപത്രികളിൽ ഏർപ്പെടുത്തിയിട്ടുള്ള ഇ-ഹെൽത്ത് സംവിധാനം വിശദമാക്കാമോ; പ്രസ്തുത സംവിധാനം മെച്ചപ്പെടുത്തുന്നതു സംബന്ധിച്ച് പഠിക്കുന്നതിനായി ഏതെങ്കിലും സമിതിയെ നിയോഗിച്ചിട്ടുണ്ടോ; എങ്കിൽ സമിതിയുടെ പരിഗണനാ വിഷയങ്ങൾ വിശദമാക്കാമോ; | (എ) | *ഒരു വ്യക്തിയുടെ ആരോഗ്യ വിവരങ്ങളെ വിവര സാങ്കേതികവിദ്യയുടെ വിവേകപൂർവ്വമായ വിനിയോഗത്തിലൂടെ ഒരു സോഫ്റ്റ്‌വെയർ സിസ്റ്റം മുഖേന ക്രോഡീകരിച്ച് ശാസ്ത്രീയവും ഫലപ്രദവുമായ പുനരുപയോഗത്തിന് സജ്ജമാക്കി, ഉപയോക്താക്കൾക്ക് ആയാസ രഹിതവും രോഗീസൗഹൃദവുമായ വിധത്തിൽ സർക്കാർ ആശുപത്രികളുടെ പ്രവർത്തനങ്ങൾ കടലാസ് രഹിതമാക്കി വേഗതയും കൃത്യതയും പ്രദാനം ചെയ്യുന്ന ചികിത്സാ സംവിധാനം പ്രാവർത്തികമാക്കുന്നതിനുള്ള നടപടികളാണ് ഇ-ഹെൽത്ത് പ്രോജക്റ്റ് മുഖേന നടപ്പാക്കി വരുന്നത്. കേരളത്തിലെ ജനങ്ങളുടെ ആവാസ പ്രദേശം അടിസ്ഥാന സൂചികയായി കണക്കിലെടുത്ത് വ്യക്തികളുടെ ആരോഗ്യ രേഖകൾ തയ്യാറാക്കുകയും അതിനെ ഇ-ഹെൽത്ത് പ്രോജക്റ്റിന് വേണ്ടി മാത്രം സജ്ജമാക്കുന്ന കമ്പ്യൂട്ടർ ശൃംഖലയുമായി ബന്ധിപ്പിച്ചും ഏതൊരു വ്യക്തിക്കും ഈ പദ്ധതി നടപ്പാക്കിയിട്ടുള്ള ഏത് സർക്കാർ ആശുപത്രിയിൽ ചികിൽസ തേടേണ്ടി വന്നാലും പ്രസ്തുത വ്യക്തിയുടെ ആരോഗ്യരേഖയുടെ അടിസ്ഥാനത്തിൽ പരമാവധി വേഗത്തിൽ മെച്ചപ്പെട്ട ചികിത്സ ഉറപ്പാക്കാൻ കഴിയുമെന്നതാണ് ഇതിന്റെ ഏറ്റവും വലിയ പ്രയോജനം. സംസ്ഥാനത്തെവിടെയും ഉള്ള ജനങ്ങളുടെ ആരോഗ്യ സൂചികകൾ അടിസ്ഥാനപ്പെടുത്തിയുള്ള വ്യതിരക്ത ആരോഗ്യ തിരിച്ചറിയൽ കാർഡ് (UHID CARD) നൽകാവുന്നതും ഏതൊരാൾക്കും ചികിത്സ തേടുന്നതിനുള്ള അടിസ്ഥാന രേഖയായി ഈ കാർഡ് പ്രയോജനപ്പെടുത്താവുന്നതുമാണ്. പകർച്ചവ്യാധി തടയുന്നതിനുള്ള മുൻകരുതലുകൾ സ്വീകരിക്കുന്നതിനും ഇതിലൂടെ സാധിക്കുന്നതാണ്.* |

| | | | |
|---|---|---|---|
| | | | *UHID കാർഡുമായി ആശുപത്രികളിലെത്തുന്നവർക്ക് ചികിത്സ തേടൽ എളുപ്പമാകുന്നതോടൊപ്പം അവരുടെ Electronic Health Record (EHR) തയ്യാറാവുകയും ചെയ്യും. ഭാവി ചികിത്സകൾ ആവശ്യമായി വരുന്നവർക്ക് EHR അടിസ്ഥാനപ്പെടുത്തി രോഗനിർണ്ണയം നടത്തുന്നതിനും ചികിത്സാവിധി നിർണ്ണയിക്കുന്നതിനും കഴിയുന്നതാണ്. ഇ-ഹെൽത്ത് പദ്ധതി നടപ്പാക്കിയിട്ടുള്ള ആശുപത്രികളിൽ ഒ.പി രജിസ്ട്രേഷൻ, ടോക്കൺ ഡിസ്പ്ലേ, അഡ്വാൻസ് ബുക്കിംഗ്, ക്യൂ-മാനേജ്മെന്റ്, കൺസൾട്ടേഷൻ, ലാബ് പരിശോധനാ റിപ്പോർട്ടുകൾക്കൊപ്പം മുൻകാല ചികിത്സാ വിവരങ്ങൾ ഡോക്ടറുടെ കംപ്യൂട്ടറിൽ നേരിട്ട് ലഭ്യമാകുമെന്നതിനാലും ഫാർമസിയിലേക്ക് നേരിട്ട് ഡോക്ടറുടെ കുറിപ്പ് എത്തുമെന്നതിനാലും കൂടുതൽ കൃത്യമായ രോഗനിർണ്ണയം നടത്തുന്നതിനും മെച്ചപ്പെട്ട ചികിത്സ പ്രദാനം ചെയ്യുന്നതിനും സാധ്യമാകുന്നതാണ്. ഒ.പി.കളിൽ തിരക്ക് നിയന്ത്രിക്കുന്നതിനും അനാവശ്യ കാലതാമസം ഒഴിവാക്കുന്നതിനും കഴിഞ്ഞതോടെ സുഗമമായ ചികിത്സയ്ക്ക് വഴിയൊരുങ്ങിയിട്ടുണ്ട്. രോഗികൾക്ക് മെച്ചപ്പെട്ട സേവനം ലഭ്യമായി തുടങ്ങിയതോടെ ചികിത്സ തേടുന്നവരും ആശുപത്രി ജീവനക്കാരും ഇ-ഹെൽത്ത് പ്രവർത്തനങ്ങൾ ഏറ്റെടുത്തിട്ടുണ്ട്.*<br><br>*ഇ-ഹെൽത്ത് സംവിധാനം മെച്ചപ്പെടുത്തുന്നത് സംബന്ധിച്ച് പഠിക്കുന്നതിനായി പ്രത്യേക സമിതിയെ നിയോഗിച്ചിട്ടില്ല.* |
| (ബി) | പ്രസ്തുത സമിതി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ റിപ്പോർട്ടിലെ പ്രധാന ശിപാർശകൾ അറിയിക്കാമോ; | (ബി) | *ഒരു വ്യക്തിയുടെ ആരോഗ്യ വിവരങ്ങളെ വിവര സാങ്കേതികവിദ്യയുടെ വിവേകപൂർവ്വമായ വിനിയോഗത്തിലൂടെ ഒരു സോഫ്റ്റ്‌വെയർ സിസ്റ്റം മുഖേന ക്രോഡീകരിച്ച് ശാസ്ത്രീയവും ഫലപ്രദവുമായ പുനരുപയോഗത്തിന് സജ്ജമാക്കി, ഉപയോക്താക്കൾക്ക് ആയാസ രഹിതവും രോഗീസൗഹൃദവുമായ വിധത്തിൽ സർക്കാർ ആശുപത്രികളുടെ പ്രവർത്തനങ്ങൾ കടലാസ് രഹിതമാക്കി വേഗതയും കൃത്യതയും പ്രദാനം ചെയ്യുന്ന ചികിത്സാ സംവിധാനം പ്രാവർത്തികമാക്കുന്നതിനുള്ള നടപടികളാണ് ഇ-ഹെൽത്ത് പ്രോജക്റ്റ് മുഖേന നടപ്പാക്കി വരുന്നത്. കേരളത്തിലെ ജനങ്ങളുടെ ആവാസ പ്രദേശം അടിസ്ഥാന സൂചികയായി കണക്കിലെടുത്ത് വ്യക്തികളുടെ ആരോഗ്യ രേഖകൾ തയ്യാറാക്കുകയും അതിനെ ഇ-ഹെൽത്ത് പ്രോജക്ടിന് വേണ്ടി മാത്രം സജ്ജമാക്കുന്ന കമ്പ്യൂട്ടർ ശൃംഖലയുമായി ബന്ധിപ്പിച്ചും ഏതൊരു വ്യക്തിക്കും ഈ പദ്ധതി നടപ്പാക്കിയിട്ടുള്ള ഏത് സർക്കാർ ആശുപത്രിയിൽ ചികിൽസ തേടേണ്ടി വന്നാലും പ്രസ്തുത വ്യക്തിയുടെ* |

| | | | |
|---|---|---|---|
| | | | *ആരോഗ്യരേഖയുടെ അടിസ്ഥാനത്തിൽ പരമാവധി വേഗത്തിൽ മെച്ചപ്പെട്ട ചികിത്സ ഉറപ്പാക്കാൻ കഴിയുമെന്നതാണ് ഇതിന്റെ ഏറ്റവും വലിയ പ്രയോജനം. സംസ്ഥാനത്തെവിടെയും ഉള്ള ജനങ്ങളുടെ ആരോഗ്യ സൂചികകൾ അടിസ്ഥാനപ്പെടുത്തിയുള്ള വ്യതിരക്ത ആരോഗ്യ തിരിച്ചറിയൽ കാർഡ് (UHID CARD) നൽകാവുന്നതും ഏതൊരാൾക്കും ചികിത്സ തേടുന്നതിനുള്ള അടിസ്ഥാന രേഖയായി ഈ കാർഡ് പ്രയോജനപ്പെടുത്താവുന്നതുമാണ്. പകർച്ചവ്യാധി തടയുന്നതിനുള്ള മുൻകരുതലുകൾ സ്വീകരിക്കുന്നതിനും ഇതിലൂടെ സാധിക്കുന്നതാണ്.*<br><br>*UHID കാർഡുമായി ആശുപത്രികളിലെത്തുന്നവർക്ക് ചികിത്സ തേടൽ എളുപ്പമാകുന്നതോടൊപ്പം അവരുടെ Electronic Health Record (EHR) തയ്യാറാവുകയും ചെയ്യും. ഭാവി ചികിത്സകൾ ആവശ്യമായി വരുന്നവർക്ക് EHR അടിസ്ഥാനപ്പെടുത്തി രോഗനിർണ്ണയം നടത്തുന്നതിനും ചികിത്സാവിധി നിർണ്ണയിക്കുന്നതിനും കഴിയുന്നതാണ്. ഇ-ഹെൽത്ത് പദ്ധതി നടപ്പാക്കിയിട്ടുള്ള ആശുപത്രികളിൽ ഒ.പി രജിസ്ട്രേഷൻ, ടോക്കൺ ഡിസ്പ്ലേ, അഡ്വാൻസ് ബുക്കിംഗ്, ക്യൂ-മാനേജ്മെന്റ്, കൺസൾട്ടേഷൻ, ലാബ് പരിശോധനാ റിപ്പോർട്ടുകൾക്കൊപ്പം മുൻകാല ചികിത്സാ വിവരങ്ങൾ ഡോക്ടറുടെ കംപ്യൂട്ടറിൽ നേരിട്ട് ലഭ്യമാകുമെന്നതിനാലും ഫാർമസിയിലേക്ക് നേരിട്ട് ഡോക്ടറുടെ കുറിപ്പ് എത്തുമെന്നതിനാലും കൂടുതൽ കൃത്യമായ രോഗനിർണ്ണയം നടത്തുന്നതിനും മെച്ചപ്പെട്ട ചികിത്സ പ്രദാനം ചെയ്യുന്നതിനും സാധ്യമാകുന്നതാണ്. ഒ.പി.കളിൽ തിരക്ക് നിയന്ത്രിക്കുന്നതിനും അനാവശ്യ കാലതാമസം ഒഴിവാക്കുന്നതിനും കഴിഞ്ഞതോടെ സുഗമമായ ചികിത്സയ്ക്ക് വഴിയൊരുങ്ങിയിട്ടുണ്ട്. രോഗികൾക്ക് മെച്ചപ്പെട്ട സേവനം ലഭ്യമായി തുടങ്ങിയതോടെ ചികിത്സ തേടുന്നവരും ആശുപത്രി ജീവനക്കാരും ഇ-ഹെൽത്ത് പ്രവർത്തനങ്ങൾ ഏറ്റെടുത്തിട്ടുണ്ട്.*<br><br>*ഇ-ഹെൽത്ത് സംവിധാനം മെച്ചപ്പെടുത്തുന്നത് സംബന്ധിച്ച് പഠിക്കുന്നതിനായി പ്രത്യേക സമിതിയെ നിയോഗിച്ചിട്ടില്ല.* |
| (സി) | പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിക്കപ്പെട്ട ഏതെല്ലാം സേവനങ്ങളാണ് ആരോഗ്യ മേഖലയിൽ നടപ്പിലാക്കിയിട്ടുള്ളതെന്ന് അറിയിക്കാമോ; | (സി) | *ഇ-ഹെൽത്ത് സംവിധാനം നടപ്പിലാക്കിയിട്ടുള്ള ആശുപത്രികളിൽ ഒ.പി. രജിസ്ട്രേഷൻ, ക്യൂ മാനേജ്മെന്റ്, ഒ.പി. കൺസൾട്ടേഷൻ, ഫാർമസി, ലബോറട്ടറി പരിശോധനകൾ, ഓൺലൈൻ മുഖാന്തിരം മുൻകൂറായി ടോക്കൺ എടുക്കുന്നതിനുള്ള സംവിധാനം എന്നിവ കമ്പ്യൂട്ടർവൽക്കരിക്കപ്പെട്ടിട്ടുണ്ട്.* |

ജീവിതശൈലി രോഗങ്ങൾ നിയന്ത്രിക്കുന്നതിന്റെ ഭാഗമായി സംസ്ഥാന ആരോഗ്യ വകുപ്പ് ജീവിതശൈലി രോഗനിർണയ സ്ക്രീനിംഗിന്റെ ഭാഗമായി ശൈലി ആപ്ലിക്കേഷൻ വഴി ആദ്യഘട്ടത്തിൽ 30 വയസിന് മുകളിൽ പ്രായമുള്ള 1.53 കോടിയിലധികം പേരുടെ സ്ക്രീനിംഗ് പൂർത്തിയാക്കിയിരുന്നു. സ്ക്രീനിംഗിൽ രോഗസാധ്യതയുള്ള 13.6 ലക്ഷത്തോളം പേരുടെ തുടർ പരിശോധനകൾ പൂർത്തിയാക്കുകയും ആവശ്യമായവർക്ക് തുടർചികിത്സ ഉറപ്പാക്കുകയും ചെയ്തു. 30 വയസിനു മുകളിൽ ലക്ഷ്യം വച്ചവരിൽ ബഹുഭൂരിപക്ഷം വ്യക്തികളുടേയും സ്ക്രീനിംഗ് നടത്തിയ സാഹചര്യത്തിൽ രണ്ടാം ഘട്ടത്തിലേക്ക് പോകാനായി ശൈലി 2 ആപ്പ് വികസിപ്പിക്കുവാനും പദ്ധതിയുണ്ട് . ഇ ഹെൽത്ത് രൂപകൽപ്പന ചെയ്യുന്ന ശൈലി ആപ്പിന്റെ സഹായത്തോടെ ആശാ പ്രവർത്തകർ നേരിട്ട് വീടുകളിലെത്തി സ്ക്രീനിംഗ് നടത്തി രോഗസാധ്യത കണ്ടെത്തിയ വ്യക്തികളെ പരിശോധിച്ച് രോഗനിർണയം നടത്തി തുടർചികിത്സ ഉറപ്പാക്കുന്നു എന്നതാണ് ഈ പദ്ധതിയുടെ പ്രത്യേകത. നിലവിൽ ജീവിതശൈലി രോഗങ്ങളുള്ളവരുടേയും സാധ്യത യുള്ളവരുടേയും കൃത്യമായ വിവരങ്ങൾ ഇതുവഴി ശേഖരിക്കാൻ ആരോഗ്യ വകുപ്പിനായിട്ടുണ്ട്. ജീവിതശൈലി രോഗങ്ങൾ നേരത്തെ തന്നെ കണ്ടുപിടിച്ച് ചികിത്സിക്കുന്നത് വഴി രോഗം സങ്കീർണമാകാതെ നിയന്ത്രിക്കാൻ സാധിക്കും.

ആരോഗ്യ വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളിൽ മരുന്ന് വിതരണം ചെയ്യുന്നതിന്റേയും സ്റ്റോക്കിന്റേയും വിശദാംശങ്ങൾ കൂടുതൽ കാര്യക്ഷമമായ മോണിറ്ററിങ്ങിനായി ഡി.ഡി.എം.എസ് പോർട്ടൽ വഴിയാണ് നടത്തി വരുന്നത്.

ആരോഗ്യവകുപ്പിന് കീഴിൽ 82 സ്ഥാപനങ്ങളിൽ ഓൺലൈൻ മെഡിക്കൽ ബോർഡുകൾ നടന്നു വരുന്നു.

ഡയാലിസിസ് പ്രോഗ്രാം സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കുന്നതിന് P.M.N.D.P പോർട്ടൽ ഉപയോഗിച്ച് വരുന്നു.

ആന്റിമൈക്രോബിയൽ സർവെയ് ലൻസ്-നു വേണ്ടി **KARSNET എന്ന** സോഫ്റ്റ് വെയർ ഉപയോഗിക്കുന്നുണ്ട്.

ഇന്ത്യയിലെ ഏതു വിഭാഗത്തിൽ പെട്ട ആശുപത്രികളിലും ചികിത്സിക്കപ്പെടുന്ന രോഗികളുടെ

| | | | |
|---|---|---|---|
| | | | *വിവരങ്ങൾ പരസ്പരം രോഗിയുടെ സമ്മതത്തോടെ കൈമാറ്റം ചെയ്ത് ഉപയോഗിക്കുന്നതിനു സഹായിക്കുന്ന ആയുഷ്മാൻ ഭാരത് ഡിജിറ്റൽ മിഷൻ ഡിജിറ്റൽ പ്ലാറ്റഫോം സംവിധാനം നിലവിലുണ്ട്.*<br><br>*മലേറിയ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനും, നിരീക്ഷണസംവിധാനങ്ങൾ ശക്തിപ്പെടുത്തുന്നതിനും വേണ്ടി IHIP-VBD പോർട്ടൽ സംവിധാനം സംസ്ഥാനത്ത് 2023 മുതൽ നടപ്പിലാക്കിയിട്ടുണ്ട്.*<br><br>*NVHCP പദ്ധതിയുടെ പ്രവർത്തനങ്ങൾ പ്രത്യേക പോർട്ടൽ മുഖേന നിരീക്ഷിക്കുന്നു. ചികിത്സാ കേന്ദ്രങ്ങൾ, രക്ത ബാങ്കുകൾ സെൻററുകൾ, തുടങ്ങി വിവിധ സ്ഥാപനങ്ങൾ ഈ പോർട്ടൽ മുഖേന വിവരങ്ങൾ ശേഖരിക്കുകയും, വിവിധ തലങ്ങളിൽ അവലോകനം നടത്തുകയും ചെയ്യുന്നു.*<br><br>*ഇതിനു പുറമേ, ജന്മനാ ഹൃദയസംബന്ധമായ പ്രശ്നങ്ങൾ നേരിടുന്ന കുട്ടികളെ കണ്ടെത്തി അവരെ ഹൃദ്യം ഓൺലൈൻ പോർട്ടൽ വഴി രജിസ്റ്റർ ചെയ്ത് രോഗതീവ്രതയ്ക്കനുസരിച്ച് കാർഡിയോളജിസ്റ്റുമാർ നിശ്ചയിക്കുന്ന സർജറി ഉൾപ്പെടെയുള്ള ചികിത്സകൾ സൗജന്യമായി നൽകിവരുന്നു.* |
| (ഡി) | ഇ-ഹെൽത്ത് പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള വ്യക്തികളുടെ സമഗ്രമായ ആരോഗ്യ രേഖകളുടെ സുരക്ഷിതത്വം ഉറപ്പ് വരുത്താൻ സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കാമോ; | (ഡി) | *ഇ-ഹെൽത്ത് ഹോസ്പിറ്റൽ മാനേജ്മെന്റ് സിസ്റ്റം സംസ്ഥാന ഡാറ്റ സെന്ററിലാണ് പ്രവർത്തിക്കുന്നത്. പ്രസ്തുത സംവിധാനം സംസ്ഥാനത്തിന്റെ പ്രൈവറ്റ് നെറ്റ്‌വർക്കായ KSWAN വഴിയും, സെക്കന്ററി MPLS കണക്റ്റിവിറ്റി വഴിയും മാത്രമേ ആശുപത്രികളിൽ ലഭ്യമാക്കിയിട്ടുള്ളു. കൂടാതെ ഈ സംവിധാനം സെക്യൂരിറ്റി ഓഡിറ്റ് ചെയ്തിട്ടുമുണ്ട്.* |
| (ഇ) | ഇ-സഞ്ജീവനി ടെലിമെഡിസിൻ മുഖേന സൂപ്പർ സ്പെഷ്യാലിറ്റി സേവനങ്ങൾ ഗ്രാമീണ മേഖലയിലെ ആരോഗ്യ സ്ഥാപനങ്ങൾക്കും ലഭ്യമാക്കുന്നതിന് പദ്ധതി ആവിഷ്കരിക്കാമോ? | (ഇ) | ഇ സഞ്ജീവനി ടെലി മെഡിസിൻ മുഖേന സൂപ്പർ സെഷ്യാലിറ്റി സേവനങ്ങൾ ഗ്രാമീണ മേഖലയിലെ ആരോഗ്യ സ്ഥാപനങ്ങൾ വഴി ലഭ്യമാകുന്നുണ്ട്. ഇ-സഞ്ജീവനി ഡോക്ടർ ടു ഡോക്ടർ ടെലി മെഡിസിൻ സേവനം ഒരു ഹബ് ആൻഡ് സ്പോക് മോഡലിലാണ് പ്രവർത്തിക്കുന്നത്. ഹബ് എന്നത് മെഡിക്കൽ കോളേജുകളിലെയും, ജനറൽ ആശുപത്രി, ജില്ല ആശുപത്രി, താലൂക്ക് ആശുപത്രികളിലെയും എല്ലാ സ്പെഷ്യലിസ്റ്റ് ഡോക്ടർമാരും അടങ്ങിയ ഒരു പൂളാണ്. സ്പോക് എന്നത് താലൂക്ക് ആശുപത്രി, സാമൂഹിക ആരോഗ്യ കേന്ദ്രം, കുടുംബാരോഗ്യ കേന്ദ്രങ്ങൾ, ജനകീയ ആരോഗ്യ കേന്ദ്രങ്ങൾ എന്നിവയാണ്.<br><br>ഇ-സഞ്ജീവനി ഡോക്ടർ ടു ഡോക്ടർ ടെലി മെഡിസിൻസേവനം രണ്ട് ലെവൽ |

| | | | |
|---|---|---|---|
| | | | കൺസൾട്ടേഷനാണ് രോഗിക്ക് നൽകുന്നത്. ആദ്യഘട്ടം സ്പോക് ആശുപത്രിയിലെ ഡോക്ടർ ചെയ്യുന്ന പ്രാഥമിക പരിശോധനയാണ്, അതിനുശേഷം രോഗിയെ സ്പെഷ്യലിസ്റ്റ് ഡോക്ടറുടെ അടുത്ത് റെഫർ ചെയ്യേണ്ട സാഹചര്യം ഉണ്ടെങ്കിൽ സ്പോക് ആശുപത്രിയിലെ ഡോക്ടർക്ക് ഹബ്ബിലെ സ്പെഷ്യലിസ്റ്റ് ഡോക്ടർമാരെ ഇ-സഞ്ജീവനി ഡോക്ടർ ടു ഡോക്ടർ ടെലി മെഡിസിൻ സേവനത്തിലൂടെ കണക്ട് ചെയ്യാൻ കഴിയും. ഇതുവഴി രോഗിക്ക് സ്പെഷ്യലിസ്റ്റ് ഡോക്ടറുടെ സേവനം ലഭിക്കുന്നതാണ്. ഇതിലൂടെ ലഭിക്കുന്ന കുറിപ്പടി ഉപയോഗിച്ച് സർക്കാർ ആശുപത്രി വഴി മരുന്നുകൾ വാങ്ങാനും പരിശോധനകൾ നടത്താനും സാധിക്കുന്നു.<br><br>തുടക്കത്തിൽ ഇ-ഹെൽത്ത് നടപ്പിലാക്കിയിട്ടുള്ള എല്ലാ ആശുപത്രികളിലും ഇ-സഞ്ജീവനി ഡോക്ടർ ടു ഡോക്ടർ സേവനം നടപ്പിലാക്കി തുടങ്ങിയിട്ടുണ്ട്. മെഡിക്കൽ കോളേജുകൾ, ജനറൽ ആശുപത്രി, ജില്ല ആശുപത്രി, താലൂക്ക് ആശുപത്രികൾ എന്നിവിടങ്ങളെ ഹബ്ബുകളായി രജിസ്റ്റർ ചെയ്യുകയും ഇ-സഞ്ജീവനി സേവനങ്ങൾ നൽകി വരുകയും ചെയ്യുന്നു. എല്ലാ ജില്ലകളിലെയും FHC/CHC/PHC/UPHC/FWC-കളെയും സ്പോക്കുകളായി രജിസ്റ്റർ ചെയ്തിട്ടുണ്ട്. സ്പോക്ക് ആശുപത്രികളിലെ ഡോക്ടർമാരെ സഹായിക്കാനായി അതേ സ്ഥാപനങ്ങളിലെ സ്റ്റാഫ് നഴ്സുമാർ, MLSP-മാർ((Mid Level Service Providers), എന്നിവർക്ക് ആവശ്യമായ പരിശീലനം ആരോഗ്യ വകുപ്പ് വഴി നൽകിവരുന്നു. ഗൃഹസന്ദർശനം നടത്തുന്ന പാലിയേറ്റീവ് കെയർ സ്റ്റാഫ്, ആശവർക്കർമാർ, സ്റ്റാഫ് നഴ്സുമാർ എന്നിവർക്കും ഡോക്ടർ ടു ഡോക്ടർ ടെലി മെഡിസിൻ അല്ലെങ്കിൽ ഇ-സഞ്ജീവനി ഒ.പി. വഴി ഡോക്ടർമാരുടെ സേവനം രോഗികളിൽ എത്തിക്കുന്നു.<br><br>സാങ്കേതിക മികവുകൊണ്ടും അതോടൊപ്പം പ്രവർത്തന ക്ഷമതകൊണ്ടും ഇ-സഞ്ജീവനി ടെലിമെഡിസിൻ സേവനം പ്രദാനം ചെയ്യുന്നതിൽ മുൻനിരയിൽ എത്തിനിൽക്കുന്നു. |

സെക്ഷൻ ഓഫീസർ